"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട് കെ.കെ.എം.എച്ച്.എസ്.എസ് വണ്ടിത്താവളം എച്ച്.എസ്.എസ്.ടി ഇക്കണോമിക്സ് (ജൂനിയർ) ശ്രീമതി. വിൻസി. എം. ബഹു. ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP(C) No. 11274/2025 റിട്ട് ഹർജിയിലെ 24.03.2025 ലെ വിധിന്യായം പാലിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

I/6965612/2025 തീയതി,തിരുവനന്തപുരം, 08-12-2025

---

പരാമർശം:-

1. പാലക്കാട് കെ.കെ.എം.എച്ച്.എസ്.എസ് വണ്ടിത്താവളം എച്ച്.എസ്.എസ്.ടി ഇക്കണോമിക്സ് (ജൂനിയർ) ശ്രീമതി. വിൻസി എം. സമർപ്പിച്ച 27.02.2025 തീയതി പുന: പരിശോധന ഹർജി (Ext.P11).
2. WP (C) No. 11274/2025 റിട്ട് ഹർജിയിൽ ബഹു. ഹൈക്കോടതിയുടെ 24/03/2025 തീയതിയിലെ വിധിന്യായം.
3. ഹയർ സെക്കണ്ടറി വിഭാഗം മലപ്പുറം മേഖലാ ഉപമേധാവിയുടെ 29.10.2025 തീയതിയിലെ RDDHSE/MLPM/5277/2025-F നമ്പർ കത്ത്.
4. പൊതു വിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കണ്ടറി വിഭാഗം) 30.10.2025 തീയതിയിലെ HSE/7895/2025-AcdA2HSE/7895/2025-AcdA നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് കെ.കെ.എം.എച്ച്.എസ്.എസ് വണ്ടിത്താവളം എച്ച്.എസ്.എസ്.ടി ഇക്കണോമിക്സ് (ജൂനിയർ) ശ്രീമതി. വിൻസി. എം 16.12.2024 തീയതിയിൽ എച്ച്.എസ്.എസ്.ടി ഇക്കണോമിക്സ് (ജൂനിയർ) തസ്തികയിലേക്കുള്ള ടിയാളുടെ നിയമനം അംഗീകാരം വൈകുന്നു എന്ന് ചൂണ്ടിക്കാട്ടി ബഹു. ഹൈക്കോടതിയിൽ റിട്ട് ഹർജി WP(C) No. 11274/2025 ഫയൽ ചെയ്യുകയും, ടി ഹർജിയിൽ ബഹു. ഹൈക്കോടതിയുടെ 24.03.2025 ലെ വിധിന്യായത്തിൽ പരാമർശം (1) പുന:പരിശോധന ഹർജിയിൽ ഹർജിക്കാരെ കേട്ടതിനു ശേഷം ഉത്തരവ് പുറപ്പെടുവിക്കുന്നതിന് പൊതുവിദ്യാഭ്യാസ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു.

2 . ബഹു. ഹൈക്കോടതിയുടെ റിട്ട് ഹർജി WP(C) No. 11274/2025യിലെ വിധിന്യായം അനുസരിച്ച് 30/10/2025ന് പൊതുവിദ്യാഭാസ വകുപ്പ് അഡീഷണൽ സെക്രട്ടറി ഹർജിക്കാരുമായി കൂടിക്കാഴ്ച നടത്തുവാൻ തീരുമാനിച്ചിരുന്നു. ഈ വിഷയത്തിൽ ശ്രീമതി. വിൻസി. എം., പാലക്കാട് കെ.കെ.എം.എച്ച്.എസ്.എസ്. വണ്ടിത്താവളം സ്കൂൾ മാനേജർ, പൊ.വി.വ (ഹയർ സെക്കണ്ടറി

വിഭാഗം) മലപ്പുറം മേഖലാ ഉപമേധാവി എന്നിവർ സമർപ്പിച്ച കുറിപ്പുകൾ, പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കണ്ടറി വിഭാഗം) സമർപ്പിച്ച റിപ്പോർട്ട് എന്നിവരുടെ സമാനമായ റിപ്പോർട്ട് ചുവടെപ്പറയും വിധമാണ്:

" കെ.കെ.എം.എച്ച്.എസ്.എസ്. വണ്ടിത്താവളം സ്കൂളിൽ 01/06/2019 ന് ഒഴിവ് വന്ന എച്ച്.എസ്.എസ്.ടി ജൂനിയർ ഇക്കണോമിക്സ് തസ്തികയിൽ ശ്രീമതി. വിൻസി.എം. നെ 16/12/2024 മുതൽ നിയമിച്ചത് അംഗീകാരത്തിനായി മാനേജർ സമർപ്പിച്ചിരുന്ന അപേക്ഷയിൽ റോസ്റ്റർ ഡാറ്റ, റിക്വസിഷൻ രസീത് എന്നിവ ഉൾപ്പെടുത്തിയിരുന്നില്ലാത്തതിനാൽ റോസ്റ്റർ ഡാറ്റ, റിക്വസിഷൻ രസീത് എന്നിവ സഹിതം അപേക്ഷ പുന:സമർപ്പിക്കുവാൻ നിർദേശിച്ചുകൊണ്ടു ടി അപേക്ഷ മലപ്പുറം ആർ ഡി ഡി 25/02/2025 ന മടക്കി നൽകുകയും റോസ്റ്റർ ഡാറ്റയും ജൂനിയർ ഹിസ്റ്ററി തസ്തിക ഭിന്നശേഷി നിയമനത്തിനായി മാറ്റി വെച്ച് റിക്വസിഷൻ രശീതും സഹിതം അപേക്ഷ മാനേജർ 19/05/2025 ന് അപേക്ഷ പുന.സമർ പ്പിക്കുകയും, ആയതിനെ തുടർന്ന് 28/05/2025 ന് എച്ച്.എസ്.എസ്.ടി. ജൂനിയർ ഇക്കണോമിക്സ് തസ്തികയിലെ നിയമനത്തിന് ടിയാൾക്ക് മലപ്പുറം ആർ.ഡി.ഡി.യുടെ 28-05-2025 തീയതിയിലെ RDDHSE/MLPM/2461/2025F നമ്പർ ഉത്തരവ് പ്രകാരം 16/12/2024 മുതൽ തസ്തിക നിലനിൽക്കുന്നത് വരെ പ്രൊവിഷണൽ ആയി അംഗീകാരം നല്കുകയും ചെയ്തിട്ടുണ്ട്. ആയത് പ്രകാരം പാലക്കാട് കെ.കെ.എം. എച്ച്. എസ്. എസ്. വണ്ടിത്താവളം എച്ച്എസ്എസ്ടി, ഇക്കണോമിക്സ് (ജൂനിയർ) ആയ ശ്രീമതി. വിൻസി. എം സർക്കാരിൽ സമർപ്പിച്ച പുന:പരിശോധന ഹർജിയിലെ ആവശ്യം തീർ പ്പാക്കിയിട്ടുണ്ട്. ഈ വിഷയത്തിൽ ഇനി മറ്റ് നടപടികൾ ഒന്നും ആവശ്യമുണ്ടെന്ന തോന്നുന്നില്ല എന്ന് ഹർജിക്കാരി വ്യക്തമാക്കിയിട്ടുള്ളതുമാണ്. "

3. മേൽ സാഹചര്യത്തിൽ, കെ.കെ.എം.എച്ച്.എസ്.എസ്. വണ്ടിത്താവളം സ്കൂളിൽ എച്ച്.എസ്.എസ്.ടി ജൂനിയർ ഇക്കണോമിക്സ് തസ്തികയിൽ ശ്രീമതി. വിൻസി.എം. ന്റെ 27.02.2025 തീയതി പുന: പരിശോധന ഹർജി (Ext.P11) യിലെ ആവശ്യത്തിന്മേൽ മലപ്പുറം ആർ ഡി ഡി യുടെ 28-05-2025 തീയതിയിലെ RDDHSE/MLPM/2461/2025F നമ്പർ ഉത്തരവ് പ്രകാരം ശ്രീമതി. വിൻസി.എം. ന്റെ നിയമനം പ്രൊവിഷണലായി അംഗീകാരം നൽകിയിട്ടുള്ളതിനാൽ അപ്രകാരം WP(C) No. 11274/2025 ഹർജിയിലെ ബഹു. ഹൈക്കോടതിയുടെ 24.03.2025 ലെ വിധിന്യായം പാലിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

പകർപ്പ്:

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം).

പൊതു വിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കണ്ടറി വിഭാഗം), ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, തിരുവനന്തപുരം.

മേഖലാ ഉപമേധാവി, ഹയർ സെക്കണ്ടറി വിഭാഗം, മലപ്പുറം - 676 505.

മാനേജർ, കെ.കെ. എം.എച്ച്.എസ്.എസ്. വണ്ടിത്താവളം,പാലക്കാട് -678 534.

ഹെഡ് മാസ്റ്റർ, കെ.കെ. എം.എച്ച്.എസ്.എസ്. വണ്ടിത്താവളം, പാലക്കാട് - 678 534.

ശ്രീമതി വിൻസി. എം., എച്ച്.എസ്.എസ്.ടി ജൂനിയർ (ഇക്കണോമിക്സ്), കെ.കെ. എം.എച്ച്.എസ്.എസ്. വണ്ടിത്താവളം, പാലക്കാട് - 678 534.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), കേരള, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Meera S S
Date: 08-12-2025 17:34:04

സെക്ഷൻ ഓഫീസർ